പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1236

03.12.2018-ൽ മറുപടിക്ക്

**<u>പെരുമ്പയിലെ പുതിയ പാലം നിർമ്മാണം</u>**

| <u>ചോദ്യം</u><br>ശ്രീ.സി. കൃഷ്ണൻ : | <u>മറുപടി</u><br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| 2018-19 വർഷത്തെ ബജറ്റിൽ (പേജ് നമ്പർ -785) തുക വകയിരുത്തിയ, ദേശീയ പാതയേയും പയ്യന്നൂർ നഗരത്തെയും ബന്ധിപ്പിക്കുന്ന പെരുമ്പയിലെ പുതിയ പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ ? | ദേശീയ പാതയേയും പയ്യന്നൂർ നഗരത്തെയും ബന്ധിപ്പിക്കുന്ന പെരുമ്പയിലെ പുതിയ പാലം നിർമ്മാണത്തിന് ദേശീയപാതകളുടെ നവീകരണത്തിനും സ്ട്രെങ്ത്തനിംഗിനുമായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുന്ന വാർഷിക പദ്ധതി 2018-19-ന്റെ രണ്ടാം ഘട്ടത്തിൽ (Annual Plan 2018-19 Phase II) 15 കോടി രൂപ എസ്റ്റിമേറ്റ് തുകയായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് സാങ്കേതികാനുമതി നേടുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ